(ബി) നിശ്ചിത ദൂരപരിധി നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രാദേശികമായ ആവശ്യകതയുടെ അടിസ്ഥാനത്തിൽ അനുവദിക്കപ്പെട്ട സ്കൂളുകളുടെ അംഗീകാരം റദ്ദ് ചെയ്യാൻ വ്യവസ്ഥയില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

നിർമ്മാണം പൂർത്തിയാക്കിയവയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകുന്നത് സംബന്ധിച്ച്

15. [237] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ 'ബിൽഡിംഗ് ആൻറ് ലോക്കൽ വർക്ക്സ്', 'റോഡുകളും പാലങ്ങളും' എന്നീ വിഭാഗങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ പണി പൂർത്തിയാക്കിയ കരാറുകാർക്ക് പെൻഡിംഗ് പെയ്മെൻറ് നൽകുന്നതിനുള്ള 'ലെറ്റർ ഓഫ് ക്രെഡിറ്റ്' ഏതു കാലയളവു വരെ പണി പൂർത്തിയാക്കിയവർക്ക് നൽകിയിട്ടുണ്ട്; ഇനി ഏത് കാലയളവു വരെയുള്ളവർക്ക് നൽകാനുണ്ട്;

(ബി) എന്ത് തുകയാണ് ഇനി നൽകാനുള്ളത്;

(സി) ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ ബിൽഡിംഗ്സ് ആൻറ് ലോക്കൽ വർക്ക്സ് വിഭാഗത്തിൽ 31-3-2004 വരെ പൂർത്തിയാക്കിയ പണികളുടെ 'ലെറ്റർ ഓഫ് ക്രെഡിറ്റ്' നൽകിയിട്ടുണ്ട്. ഇനി 1-4-2004 മുതൽ നൽകാനുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 31-3-2003 വരെ പൂർത്തിയാക്കിയ പണികളുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകിയിട്ടുണ്ട്. ഇനി 1-4-2003 മുതൽ നൽകാനുണ്ട്.

(ബി) ബിൽഡിംഗ്സ് ആൻറ് ലോക്കൽ വർക്ക്സ് വിഭാഗത്തിൽ 31-3-2005 വരെ 143.48 കോടി രൂപയും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 652.16 കോടി രൂപയും നൽകാനുണ്ട്.

(സി) സർക്കാരിൻെറ സാമ്പത്തികനില അനുസരിച്ചാണ് ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകുന്നത്. സാമ്പത്തികനില മെച്ചപ്പെടുന്ന സാഹചര്യത്തിൽ കുടിശ്ശിക നിവാരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരികയാണ്.

സംസ്കൃത പ്രചരണ പദ്ധതി

16. [238] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, എം. മുരളി;
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്കൃത പ്രചരണ പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാധാരണ ജനങ്ങൾക്ക് സംസ്കൃതത്തിലും ആ ഭാഷയിലെ അമൂല്യ ഗ്രന്ഥങ്ങളിലും അറിവ് പകരുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ ഇതിനായി പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) സംസ്കൃത വിദ്യാഭ്യാസത്തിന്റെ പ്രോൽസാഹനത്തിനും സംസ്കൃത ഭാഷയുടെ പോഷണത്തിനുമായി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടികളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി ആൻഡ് സി) സാധാരണ ജനങ്ങൾക്ക് സംസ്കൃതത്തിലും ആ ഭാഷയിലെ അമൂല്യ ഗ്രന്ഥങ്ങളിലും അറിവ് പകരുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. 36 വിദ്യാഭ്യാസ ജില്ലകളിലായി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള 'പ്രാരംഭ' മുതിർന്നവർക്കുള്ള 'അനൗപചാരിക' എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകൾ കഴിഞ്ഞ നാലു വർഷമായി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല നടപ്പിലാക്കി വരുന്നു. 2004-2005 വർഷത്തെ കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ് ഉപയോഗിച്ച് 1000 ഹൈസ്കൂളുകളിൽ സംസ്കൃതം അദ്ധ്യാപകരെ നിയമിച്ച് സ്കൂൾ വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വേണ്ടി 1 വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടപ്പിലാക്കി വരുന്നു.

2. സംസ്കൃത ഭാഷയിലെ അമൂല്യ ഗ്രന്ഥങ്ങളിലെ അറിവ് സാധാരണ ജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ലഭിക്കുന്നതിനുവേണ്ടി സർവ്വകലാശാല താളിയോല ഗ്രന്ഥങ്ങളും സംസ്കൃത ഭാഷയിലെ പുരാതന ഗ്രന്ഥങ്ങളും മാസികകളും ശേഖരിക്കുകയും ഇതിനായി ഒരു ആർക്കിവിയൽ ലൈബ്രറി രൂപീകരിക്കുകയും ചെയ്തു. ഇപ്രകാരം ലഭിച്ച ഗ്രന്ഥങ്ങളുടെ സംരക്ഷണത്തിനും ഡിജിറ്റലൈസേഷനും വേണ്ടിയുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചു വരുന്നു. ആയുർവേദം, തന്ത്രശാസ്ത്രം, മൃഗചികിൽസ, സാഹിത്യം, വാസ്തുവിദ്യ എന്നിങ്ങനെ വിവിധ മേഖലകളിലായി 170-ഓളം താളിയോല ഗ്രന്ഥങ്ങൾ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. ഡിജിറ്റലൈസേഷന്റെ ഭാഗമായി 1000-ത്തിലധികം ഗ്രന്ഥങ്ങൾ കണ്ടെടുത്ത് ഉടമസ്ഥരിൽനിന്നും സമ്മതപത്രം വാങ്ങിയിട്ടുണ്ട്.

3. സംസ്കൃതം എല്ലാവരിലും എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്കൃത സാക്ഷരത പദ്ധതി നടപ്പിലാക്കുവാൻ സർവ്വകലാശാല ഉദ്ദേശിക്കുന്നു. ഇതിനായുള്ള പദ്ധതികൾക്ക് സർവ്വകലാശാല രൂപം നൽകിവരുന്നു.

ഹയർസെക്കണ്ടറി തലത്തിൽ പരീക്ഷയ്ക്ക് ഗ്രേഡിംഗ്

17 [239] ശ്രീ. മഞ്ഞളാംകുഴി അലി:
,, കോടിയേരി ബാലകൃഷ്ണൻ:
,, എ. കെ. ബാലൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly